# അക്കർമാശി - ശരൺകുമാർ ലിംബാളെ

- മറാഠി സാഹിത്യകാരൻ സാമൂഹ്യ പ്രവർത്തകൻ
- ആത്മകഥോപാഖ്യാനപരമായ കൃതിയാണ് അക്കർമാശി.
- ഏറ്റവും പ്രതികൂലമായ സാഹചര്യത്തിൽ നിന്ന് അക്ഷരത്തിലേക്കും സാഹിത്യ ലോകത്തേക്കും എത്തുന്ന ഒരു ബാലന്റെ മാതൃകാപരമായ വളർച്ച കാണിക്കുന്ന കൃതി
- ജാതീയവും വംശീയവുമായ വിവേചനങ്ങൾ ഇന്ത്യയിലെ ചില ഇടങ്ങളിൽ നിന്ന് തുടച്ച് മാറ്റാൻ കഴിഞ്ഞിട്ടില്ല
- അത്തരം സാഹചര്യത്തിലാണ് അരക്ഷിതരായ ജനതയുടെ ജീവിതത്തെ പൊതു സമൂഹത്തിന് മുന്നിൻ അവതരിപ്പിക്കുന്ന ശക്തമായ സാഹിത്യരചനകളുടെ പിറവി അനിവാര്യമാകുന്നത്.
- ഉത്തരേന്ത്യയിലെ ജാതിവിവേചനത്തെക്കുറിച്ചും അത് സൃഷ്ടിക്കുന്ന ദയനീയ ജീവിത സാഹചര്യങ്ങളെക്കുറിച്ചും തുറന്നെഴുതുന്ന സാഹിത്യകാരനാണ് ശരൺകുമാർലിംബാളെ
- ഈ തുറന്നെഴുത്തിന് അദ്ദേഹം എടുത്ത അസംസ്കൃത വിഭവം സ്വന്തം ജീവിതം തന്നെയാണ്
- *അക്കർമാശി* എന്ന ഒറ്റകൃതി കൊണ്ട് തന്നെ അദ്ദേഹം ശ്രദ്ധേയനായി
- ഒരു ദലിത് ബ്രാഹ്മണനായി(അർധജാതി) ജനിച്ച അദ്ദേഹം നേരിട്ട അതി തീക്ഷ്ണവും ഭയാനകവുമായ അനുഭവങ്ങളാണ് ഈ കൃതിയിൽ ആവിഷ്കരിച്ചിരിക്കുന്നത്.
- ദാരിദ്ര്യം കൊണ്ടും വിവേചനങ്ങൾ കൊണ്ടും അതീവ ദയനീയമായിപ്പോയ തന്റെ ബാല്യകൗമാരങ്ങളെ ക്രമരഹിതമായി, ജീവിതം രുചിക്കുന്ന ഭാഷയിൽ ഈ കൃതിയിൽ അദ്ദേഹം വരച്ചിട്ടിരിക്കുന്നു.
- ചാണകത്തിൽ നിന്ന് ശേഖരിക്കുന്ന ധാന്യമണികൾ പൊടിച്ച് തിന്ന് വിശപ്പകറ്റേണ്ടി വന്ന കുട്ടി കാലവും ചപ്പുചവറുകൾക്കിടയിൽ നിന്ന് ആഹാരം കണ്ടെത്തേണ്ടി വന്ന കിമാരവുമെല്ലാം വായനക്കാരനെ ഏറ്റവും പരിഗണന അർഹിക്കുന്നവരുടെ ജീവിത പരിസരത്തിലേക്കു കൂട്ടികൊണ്ടു പോകും വിധമാണ് അദ്ദേഹം അവതരിപ്പിച്ചിട്ടുള്ളത്.
- വെല്ലുവിളികളെ, ദുരിതങ്ങളെ സാഹിത്യരചനയ്ക്കുള്ള മഷിപ്പാത്രമാക്കി മാറ്റി വിജയത്തിലേക്കു നടന്ന ലിംബാളെ ജീവിതത്തിലെ ചില മുഹൂർത്തങ്ങളാണ് അക്കർമാശി എന്ന പാഠഭാഗത്ത് ചേർത്തിരിക്കുന്നത്.
- കഷ്ടപ്പാടുകൾക്കിടയിലും മൂല്യവത്തായ ജീവിതം സാധ്യമാണെ ഗുണാത്മക സന്ദേശമാണ് പാഠഭാഗം മുന്നോട്ടുവയ്ക്കുന്നത്
- അതോടൊപ്പം ചുറ്റുപാടുമുള്ള വിവേചനങ്ങളെ മനസ്സിലാക്കി സമഭാവനയുടെ ഒരു സാമൂഹിക സങ്കല്പം രൂപപ്പെടാനും *അക്കർമാശി* എന്ന  പാഠം ഉപകരിക്കുന്നു.

## ശരൺകുമാർ ലിംബാളെയുടെ ജീവിത പരിസരം

- കഷ്ടപ്പാടു നിറഞ്ഞ ബാല്യം
- അനാഥത്വം
- അറിവു നേടാനുള്ള ആഗ്രഹം
- ജാതീയമായ പാർശ്വവത്ക്കരണം
- കാത്തു സൂക്ഷിക്കുന്ന ജീവിത മൂല്യങ്ങൾ
- ചപ്പൾഗാവിലെ പഠനം

## കഥാപാത്രങ്ങൾ - ജീവിത പരിസരം, സ്വഭാവം

- **കുമാർ മാമ** : ശരൺകുമാർ ലിംബാളെയുടെ സഹോദരി നാഗിയുടെ ഭർത്താവ്. ഉത്തരവാദിത്വബോധമില്ലാത്ത കഥാപാത്രം- ജോലി നഷ്ടങ്ങൾ, മടിയൻ, കടക്കാരൻ
- **ശാന്താ ആത്യാ** -ശരൺകുമാർ ലിംബാളെയുടെ സഹോദരി മാഗിയുടെ ഭർത്താവിന്റെ അമ്മ- വൃദ്ധ, അധ്വാനശീല, സ്നേഹസമ്പന്ന
- **ശരൺകുമാർ ലിംബാളെ**:ലേഖകൻ. കഷ്ടപ്പാട് നിറഞ്ഞ ബാല്യം.പ്രതികൂല സാഹചര്യങ്ങളിലും പഠിച്ച

മുന്നേറാൻ ആഗ്രഹിച്ചു. - ബാലൻ, പഠിക്കാൻ താല്പര്യമുള്ളവൻ,കഷ്ടപ്പാട് അനുഭവിക്കുന്നു. മൂല്യങ്ങൾ കാത്തു സൂക്ഷിക്കുന്നു.

- **ലിംബാളെയുടെ നിലപാടുകളിലെ സന്ദേശം**
- കുമാർ മാമ നൽകുന്ന സന്ദേശം
- ശരൺകുമാറിന് സിനിമ കാണാനുള്ള ആഗ്രഹം
- കളഞ്ഞുകിട്ടിയ പണം - പിർജാദെയുടെ പ്രലോഭനം
- പ്രലോഭനത്തെ അതിജീവിക്കൽ
- സ്കൂളിൽ നിന്നു കിട്ടുന്ന അഭിനന്ദനം
- അഗ്രഹങ്ങൾ സഫലമാക്കാൻ മൂല്യങ്ങൾ കൈവിടാതിരിക്കുക
- മൂല്യ സംരക്ഷണ നൽകുന്ന ആനന്ദം
- **ഭാഷയുടെ ആവിഷ്കാരഭംഗി - ലിംബാളെ ജീവിത സാഹചര്യം**
- ചപ്പുചവറുകൾക്കു പകരം ഉക്കി നോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നനിക്ക് തോന്നി
- അതിരൂക്ഷമായ വിശപ്പ്
- വിശപ്പടക്കുവാനുള്ള വക ചവറ് പെറുക്കുന്നതിൽ നിന്ന് കിട്ടുന്നില്ല.
- പാർശ്വവത്ക്കരിക്കപ്പെട്ട ജനസമൂഹത്തി പ്രശ്നങ്ങൾ
- പൊതു സമൂഹത്തിൽ നിന്നു കൂടുതൽ പരിഗണന അർഹിക്കുന്നു.
- ചവറിൽ പൊതിഞ്ഞു കിടക്കുന്ന കീറക്കടലാസുകൾ ഒരു വശത്തും ഞങ്ങളുടെ നിത്യ സുഹൃത്തായ വിശപ്പ് മറുവശത്തും.
- ദിവസം മുഴുവനും അലഞ്ഞു നടന്ന് വാരിക്കൂട്ടുന്ന ചവറിൻ്റെ തൂക്കവും വിലയുമെങ്കിലുമുണ്ടോ ഞങ്ങളെപ്പോലുള്ള മനുഷ്യർക്ക്
- **വിഗ്രഹാർത്ഥങ്ങൾ**
- തലവേദന - തലയിലെ വേദന
- പ്രതിദിനം - ദിനന്തോറും (ദിനംപ്രതി)
- പഴക്കട - പഴങ്ങൾ വിൽക്കുന്ന കട
- തീവണ്ടി -തീയാൽ ഓടുന്ന വണ്ടി.( തീയുടെ സഹായത്താൽ ഓടുന്ന വണ്ടി.)
- വിശിഷ്ട നിമിഷം - വിശിഷ്ടമായ നിമിഷം
- മഹാകവി - മഹാനായ കവി
- **അക്കർമശിയിലെ സാമൂഹ്യ ജീവിതം**
- അമ്മ-മഹർ ജാതി, അച്ഛൻ ലിംഗായത്ത് (മേൽജാതി)
- അക്കർമാശി - അർധ ജാതി (12 മാസാ- 1 തോല, അക്കർമാശി - 11 മാസാ, ഒരു തോല തികയില്ല. അപൂർണം/അപൂർണൻ
- ജാതീയമായ വിവേചനം
- ദാരിദ്യം, തൊഴിൽ ചൂഷണം
- എനിക്ക് ചുറ്റും എപ്പോഴും ദലിത് സമുദായക്കാരായ കുട്ടികളാണ് ഉണ്ടായിരുന്നത്.
- ചപ്പുചവറു പെറുക്കി ജീവിക്കുന്ന ശാന്താ ആത്യയുടെ, കുമാർ മാമയുടെ ജീവിതം
- മഹർ സമുദായക്കാരനായതിനാൽ ചെരിപ്പു ഉന്നാൻ വിസമ്മതിക്കുന്ന ചെരുപ്പുകുത്തി
- പത്താം ക്ലാസ്സിൽ വച്ച് കളഞ്ഞുകിട്ടിയ 30 രൂപ
- സുഹൃത്തിൻ്റെ പ്രലോഭനം
- പ്രലോഭനത്തിന് ഇരയാവാതെ ലിംബാളെ പുലർത്തുന്ന സത്യ സമ്പത.(ദാരിദ്രത്തിലും ആഗ്രഹങ്ങൾ അവഗണിക്കുന്നു. **[ദാരിദ്ര്യം, ജാതിവിവേചനം, അടിമവേല, അനാഥത്വം]**
- **വിലയിരുത്താം , കുറിപ്പെഴുതാം**
- " മിഠായി പൊതിയുന്ന കടലുകൾ കണ്ടാൽ വായിൽ വെള്ളമൂറും' '
- "എപ്പോഴെങ്കിലും ഒരു നല്ല കടലാസ് കണ്ടെത്തിയാൽ എനിക്ക് വലിയ സന്തോഷം തോന്നും. ഞാനത് നിവർത്തി വായിക്കാൻ തുടങ്ങും."-- ലിംബാളെയുടെ ആഗ്രഹങ്ങളെക്കുറിച്ച് വിലയിരുത്തുക.?
- താഴെ പറയുന്നവയിൽ ബഹുവ്രീഹി സമാസത്തിന് ഉദാഹരണമേത്? (അന്യപദത്തിന് പ്രാധാന്യം വരുന്ന സമാസം)

a) രണ്ടാമൻ b) തലവേദന c) കൈകാൽ d) മുകിൽ വർണ്ണൻ

- നാമനിർമയി തദ്ധിതത്തിന് ഉദാഹരണ മേത്?

a) ഒന്നാമൻ b) കേട്ടവൾ c) മിടുക്കി d) കള്ളത്തരം

**Prepared by Suresh Areekode ,HST(Malayalam), GHSS,Kuzhimanna,Malappuram.PH:9562521509**
**Visit my youtube: *mukulam malayalam* for more resources.**